● പഠനം

● ഡോ. മുഹമ്മദ് ഇമാറഃ

## ഇഖ്‌വാൻ: രൂപവൽക്കരണ പശ്ചാത്തലം (4)

# ഇഖ്‌വാനും തീവ്രവാദവും

**ശക്തിയെക്കുറിച്ച് ഞങ്ങൾക്ക് പറയാനുള്ളത്, ഇസ്‌ലാമിന്റെ സമസ്ത ഘടനയിലും നിയമാവിഷ്കാരത്തിലും ഇസ്‌ലാമിന്റെ ചിഹ്നമാണതെന്നാണ്. ഇഖ്‌വാൻ പ്രവർത്തകർ ശക്തരായിരിക്കണം. അവർ ശക്തമായി പ്രവർത്തിച്ചിരിക്കണം. ശക്തിയുടെ പലപടികളിൽ പ്രഥമം ആദർശത്തിന്റെയും വിശ്വാസത്തിന്റെയും ശക്തിയാണ്. ഐക്യവും കെട്ടുറപ്പുമാണ് ദ്വിതീയം. രണ്ടും കഴിഞ്ഞാണ് ആയുധശക്തി. വിപ്ലവം ശക്തിപ്രകടനത്തിന്റെ പരുഷരൂപമാണ്. മറ്റൊന്നും പ്രയോജനപ്പെടാത്ത സാഹചര്യത്തിലും, ആദർശ വിശ്വാസ ബോധ്യത്തിന്റെയും ഐക്യത്തിന്റെയും തയ്യാറെടുപ്പുകൾ പൂർത്തിയാക്കിയെന്ന് ഉറപ്പായ ഘട്ടത്തിലും ഇഖ്‌വാൻ തീർച്ചയായും ശക്തിപ്രയോഗിക്കുക തന്നെ ചെയ്യും. എന്നാൽ, ഇഖ്‌വാൻ വിപ്ലവം പ്രഖ്യാപിക്കുമെങ്കിലും ഇപ്പോൾ അതേക്കുറിച്ച് ചിന്തിക്കുന്നില്ല. അവസ്ഥ ഇതേ രീതിയിൽ തുടർന്നാൽ അത് സ്വാഭാവികമായും വിപ്ളവത്തിലേക്കെത്തുകതന്നെ ചെയ്യും.(82) ചാരങ്ങൾക്കിടയിൽ ഒരു തീപ്പൊരി ഞാൻ കാണുന്നുണ്ട്. അത് ജ്വാലയായി പടർന്നേക്കാം**

ഉസ്മാനീ-അടിമവംശ ഭരണങ്ങൾ സൃഷ്ടിച്ച പിന്നാക്കത്തിന്റെയും പാശ്ചാത്യ ഭൗതിക നവീകരണത്തിന്റെയും ഫലമായി സംജാതമായ സർവതല അധഃസ്ഥിതാവസ്ഥയെ വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ടാണ് ഇഖ്‌വാൻ പ്രവർത്തന രംഗത്ത് വന്നതെന്ന് നാം ഇതിനകം ഗ്രഹിച്ചുകഴിഞ്ഞു.

ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേരിടാനൊരുമ്പെട്ട നാഗരിക വെല്ലുവിളിയുടെ അപകടകാരിതയുടെയും, ഇഖ്‌വാൻ സമുദായത്തിലേക്ക് തിരികെ കൊണ്ടുവരാനും സമുദായത്തെ തിരികെ കൊണ്ടുപോകാനും പ്രവർത്തിച്ച ഇസ്‌ലാമിക ബദൽ പ്രതിനിധീകരിച്ച ലക്ഷ്യമഹത്വത്തിന്റെയും തോതനുസരിച്ച ആസൂത്രണങ്ങൾ തന്നെയായിരുന്നു ഹസനുൽ ബന്നാ നടത്തിയിരുന്നത്.

ആദർശ പ്രയോഗവൽക്കരണ മാർഗത്തിൽ ധൃതി കാണിക്കരുതെന്നും, സമയമാകുന്നതിനുമുമ്പ് ഫലം കൊയ്യാൻ തത്രപ്പെടരുതെന്നും അദ്ദേഹം പ്രസ്ഥാനാംഗങ്ങളെ വിശിഷ്യ, യുവാക്കളെ ഉപദേശിച്ചു. അദ്ദേഹം പറഞ്ഞു:

'أيها الإخوان المسلمون، وبخاصة المتحمسون المعجلون منكم: اسمعوها مني كلمة عالية داوية... إن طريقكم هذا مرسومة خطواته، موضوعة حدوده'. ولست مخالفا هذه الحدودة التي اقتنعت كل الاقتناع بأنها أسلم طريق للوصول. أجل، قد تكون طريقا طويلة، ولكن ليس هناك غيرها. إنما تظهر الرجولة بالصبر والمثابرة والجد والعمل الدائب، فمن أراد منكم أن يستعجل ثمرة

قبل نضجها أو يقتطف زهرة قبل أوانها فلست معه في ذلك بحال، وخير له أن ينصرف عن هذه الدعوة إلى غيرها من الدعوات. ومن صبر معي حتى تنمو البذرة، وتنبت الشجرة، وتصلح الثمرة، ويحين القطاف، فأجره في ذلك على الله، ولن يفوتنا وإياه أجر المحسنين: إما النصر والسيادة، وإما الشهادة والسعادة..

أيها الإخوان المسلمون: ألجموا نزوات العواطف بنظرات العقول... ولا تصادموا نواميس الكون فإنها غلابة، ولكن غالبوها واستخدموها وحولوا تيارها واستعينوا ببعضها على بعض، وترقبوا ساعة النصر، وما هي منكم بعيد!..'

'ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രവർത്തകരേ, വിശിഷ്യ, ധൃതിയും തിടുക്കവും കാണിക്കുന്നവരേ! നിങ്ങൾ എന്നിൽ നിന്ന് ഉന്നതവും മുഴക്കമുള്ളതുമായ ഈ ശബ്ദം കേൾക്കുക... നിങ്ങളുടെ ഈ പ്രവർത്തന വഴിയിലെ ഓരോ കാൽവെപ്പും അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു, അതിന്റെ അതിരുകൾ നിർണയിക്കപ്പെട്ടിരിക്കുന്നു. ലക്ഷ്യത്തിലെത്താൻ ഏറ്റവും സുരക്ഷിതമെന്ന് എനിക്ക് ആത്മസംതൃപ്തിയുള്ള ഈ പരിധികൾ ഞാൻ ലംഘിക്കുകയില്ല. അത് ദീർഘമായ വഴിയാണെന്നത് ശരിതന്നെ. പക്ഷെ, നമ്മുടെ മുമ്പാകെ മറ്റൊരു മാർഗമില്ല. നമ്മിലെ പൗരുഷം പ്രകടമാവേണ്ടത് ക്ഷമയിലൂടെയും അധ്വാനത്തിലൂടെയും നിരന്തരമായ പ്രവർത്തനത്തിലൂടെയുമാണ്. നിങ്ങളിലാരെങ്കിലും പാകമാവുന്നതിനുമുമ്പ് ഫലം ലഭിക്കണമെന്നോ, സമയമാകുന്നതിനു മുമ്പ് പൂപറിക്കണമെന്നോ ആഗ്രഹിക്കുന്നുവെങ്കിൽ അത്തരക്കാരുടെ കൂടെ ഒരിക്കലും ഞാനുണ്ടാവില്ല. അത്തരമാളുകൾക്ക് നല്ലത് ഈ പ്രബോധനം വിട്ട് മറ്റേതെങ്കിലും പ്രബോധനത്തിലേക്ക് പോവുന്നതാണ്. വിത്ത് മുളച്ച് വളർന്ന്, മരമായി, ഫലം കായ്ച്ച്, മൂപ്പെത്തുന്നതുവരെ എന്റെ കൂടെ ആരെങ്കിലും ക്ഷമിക്കാൻ തയ്യാറുണ്ടെങ്കിൽ അതിനുള്ള പ്രതിഫലം അല്ലാഹുവിങ്കലാണ്. സുകൃതികൾക്ക് ലഭിക്കാനിരിക്കുന്ന പ്രതിഫലം എനിക്കോ അവർക്കോ നഷ്ടപ്പെടില്ല. ഒന്നുകിൽ വിജയവും നേതൃത്വവും അഥവാ, രക്തസാക്ഷ്യവും തദ്വാരാ സൗഭാഗ്യവും! ഇഖ്‌വാന്റെ പ്രവർത്തകരേ, ബുദ്ധിയുടെ ദൃഷ്ടിയാൽ നിങ്ങൾ വികാരങ്ങളുടെ തുള്ളലും പുളപ്പും നിയന്ത്രിക്കുക... അല്ലാഹുവിന്റെ പ്രാപഞ്ചിക നടപടിക്രമങ്ങളുമായി നിങ്ങൾ ഏറ്റുമുട്ടാതിരിക്കുക. കാരണം, അവ എപ്പോഴും ജയിച്ചുതന്നെയിരിക്കും. നിങ്ങൾ അവയിൽ ചിലതിനെ മറ്റുചിലതിന്നെതിരെ ഫലപ്രദമായി ഉപയോഗിപ്പെടുത്തുക. അവയുടെ പ്രവാഹത്തെ ഗതിതിരിച്ചുവിടുക. നിങ്ങൾ വിജയവേള പ്രതീക്ഷിച്ചിരിക്കുക. അത് നിങ്ങളിൽ നിന്ന് അകലെയൊന്നുമല്ല!(80)



ഹസനുൽ ബന്ന

ഹി: 1357/ക്രി:1938 ൽ ഹസനുൽ ബന്നാ ഇത് പറയുമ്പോൾ, പ്രസ്ഥാനം ജനങ്ങൾക്കിടയിൽ ആശയ പ്രചാരണം നടത്തുന്ന പ്രഥമ ഘട്ടത്തിലായിരുന്നു. ഹി:1359 റബീഉൽ അവ്വൽ 5-ാം തിയ്യതി (1940 ഏപ്രിൽ 13) യായപ്പോൾ 'ജിഹാദിന്റെ ഭാരങ്ങൾ ഏറ്റെടുക്കാൻ സഹായകമായ അടിസ്ഥാനതത്ത്വങ്ങൾ'ക്ക് അംഗങ്ങളിൽ നിന്ന് അനുസരണ പ്രതിജ്ഞ പൂർത്തിയായി ഇഖ്‌വാൻ സേനകൾ രൂപൽകൃതമായി. ആത്മീയമായി സ്വൂഫീ സ്പർശവും, പ്രായോഗികമായി സൈനിക സ്വഭാവവുമുള്ള പ്രബോധന ഘടന. 'ശാസന, അനുസരണം' എന്നതായിരുന്നു അതിന്റെ മുഖമുദ്ര. സംശയലേശമോ പുനഃപരിശോധനയോ മനഃപ്രയാസമോ ഇല്ലാതെ നേതൃത്വത്തെ അനുസരിക്കുക എന്നതായിരുന്നു പ്രസ്ഥാനത്തിന്റെ സവിശേഷത. ഈ ഘട്ടത്തിലെ പ്രബോധനം പൊതുവായിരുന്നില്ല. പ്രത്യുത സവിശേഷമായിരുന്നു. ധാരാളം പ്രതിസന്ധികൾ നേരിടാനും ദീർഘമായ സമരഭാരങ്ങൾ പേറാനും യഥാർത്ഥത്തിൽ തയ്യാറുള്ളവർ മാത്രമെ പ്രസ്തുത പ്രബോധനവുമായി ബന്ധപ്പെട്ടിരുന്നുള്ളൂ. പ്രസ്ഥാനത്തിന്റെ ഈ രണ്ടു വിംഗുകളും -പൊതുവും സവിശേഷവുമായ രണ്ടു വിംഗുകൾ- ഒത്തുതീർപ്പില്ലാത്ത സമരത്തിന്റെയും സത്യസന്ധന്മാർക്കല്ലാതെ ക്ഷമിക്കാൻ കഴിയാത്ത പരീക്ഷണത്തിന്റെയും പ്രയോഗവൽക്കരണ ഘട്ടത്തിലേക്കുള്ള അവസരം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.(81)

**'ഇഖ്‌വാൻ പ്രവർത്തകരേ, നിങ്ങൾ വിപ്ലവകാരികളാണെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ അവരോട് പറയുക: ഞങ്ങൾ വിശ്വസിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന സത്യത്തിന്റെയും സമാധാനത്തിന്റെയും പ്രബോധകരാണ് ഞങ്ങൾ. നിങ്ങൾ ഞങ്ങൾക്കെതിരെ വിപ്ലവം നടത്തിയാൽ, ഞങ്ങളുടെ പ്രബോധന മാർഗത്തിൽ വഴിമുടക്കി നിന്നാൽ, പ്രതിരോധിക്കാൻ അല്ലാഹു ഞങ്ങൾക്ക് അനുമതി തന്നിരിക്കുന്നു. അപ്പോൾ നിങ്ങളായിരിക്കും അക്രമികളായ വിപ്ലവകാരികൾ?!**

ഇത്രയും ഉദ്ധരിച്ചതിൽ നിന്ന്, മുമ്പിലെ വെല്ലുവിളിയെയും ലക്ഷ്യത്തിന്റെ മഹത്വത്തെയും ഗൗരവത്തെയും കുറിച്ച് ബോധവാനായിരുന്ന ഹസനുൽ ബന്നാ പ്രയോഗവൽക്കരണ രംഗത്ത് ഘട്ടംഘട്ടമായി മുന്നോട്ടുപോവുക എന്ന നയം സ്വീകരിച്ചതായി മനസ്സിലാവും. ഈ യാഥാർത്ഥ്യം മനുസ്സിലാക്കാതിരുന്നാൽ ഇഖ്‌വാന്റെ പല സന്ദർഭങ്ങളിലെയും നിലപാടുകളും പരീക്ഷണങ്ങളും മനസ്സിലാകാതെ പോവും.

ശക്തി ആവശ്യമാണെന്നും, അത് നേടിയെടുക്കണമെന്നും, മഹത്തായ ലക്ഷ്യത്തിലേക്ക് അത് ഉപയോഗപ്പെടുത്തണമെന്നും ഹസനുൽ ബന്നാ മനസ്സിലാക്കിയിരുന്നു. അദ്ദേഹം ആരേയും ചതിച്ചിട്ടില്ല... പെട്ടെന്നൊന്നും ചെയ്തിട്ടില്ല... അദ്ദേഹത്തിന്റെ നിലപാടുകൾ എത്രയും വ്യക്തവുമായിരുന്നു. താഴെ വരികൾ വായിക്കുക:

'ധാരാളമാളുകൾ ചോദിക്കുന്നു: ഇഖ്‌വാനുൽ മുസ്‌ലിമൂൻ തങ്ങളുടെ ലക്ഷ്യം സാക്ഷാൽകരിക്കാനായി ശക്തിപ്രയോഗിക്കുമോ? ഈജിപ്തിലെ സാമൂഹിക-രാഷ്ട്രീയ ഘടനക്കെതിരെ ജനകീയ വിപ്ളവം നയിക്കാൻ അവർ ചിന്തിക്കുന്നുണ്ടോ?

'ശക്തിയെക്കുറിച്ച് ഞങ്ങൾക്ക് പറയാനുള്ളത്, ഇസ്‌ലാമിന്റെ സമസ്ത ഘടനയിലും നിയമാവിഷ്കാരത്തിലും ഇസ്‌ലാമിന്റെ ചിഹ്നമാണതെന്നാണ്. ഇഖ്‌വാൻ പ്രവർത്തകർ ശക്തരായിരിക്കണം. അവർ ശക്തമായി പ്രവർത്തിച്ചിരിക്കണം. ശക്തിയുടെ പലപടികളിൽ പ്രഥമം ആദർശത്തിന്റെയും വിശ്വാസത്തിന്റെയും ശക്തിയാണ്. ഐക്യവും കെട്ടുറപ്പുമാണ് ദ്വിതീയം. രണ്ടും കഴിഞ്ഞാണ് ആയുധശക്തി. വിപ്ലവം ശക്തിപ്രകടനത്തിന്റെ പരുഷരൂപമാണ്. മറ്റൊന്നും പ്രയോജനപ്പെടാത്ത സാഹചര്യത്തിലും, ആദർശ വിശ്വാസ ബോധ്യത്തിന്റെയും ഐക്യത്തിന്റെയും തയ്യാറെടുപ്പുകൾ പൂർത്തിയാക്കിയെന്ന് ഉറപ്പായ ഘട്ടത്തിലും ഇഖ്‌വാൻ തീർച്ചയായും ശക്തിപ്രയോഗിക്കുക തന്നെ ചെയ്യും. എന്നാൽ, ഇഖ്‌വാൻ വിപ്ലവം പ്രഖ്യാപിക്കുമെങ്കിലും ഇപ്പോൾ അതേക്കുറിച്ച് ചിന്തിക്കുന്നില്ല. അവസ്ഥ ഇതേ രീതിയിൽ തുടർന്നാൽ അത് സ്വാഭാവികമായും വിപ്ളവത്തിലേക്കെത്തുകതന്നെ ചെയ്യും'.(82) 'ചാരങ്ങൾക്കിടയിൽ ഒരു തീപ്പൊരി ഞാൻ കാണുന്നുണ്ട്. അത് ജ്വാലയായി പടർന്നേക്കാം'.(83)

'ഇഖ്‌വാൻ പ്രവർത്തകരേ, നിങ്ങൾ വിപ്ലവകാരികളാണെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ അവരോട് പറയുക: ഞങ്ങൾ വിശ്വസിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന സത്യത്തിന്റെയും സമാധാനത്തിന്റെയും പ്രബോധകരാണ് ഞങ്ങൾ. നിങ്ങൾ ഞങ്ങൾക്കെതിരെ വിപ്ലവം നടത്തിയാൽ, ഞങ്ങളുടെ പ്രബോധന മാർഗത്തിൽ വഴിമുടക്കി നിന്നാൽ, പ്രതിരോധിക്കാൻ അല്ലാഹു ഞങ്ങൾക്ക് അനുമതി തന്നിരിക്കുന്നു. അപ്പോൾ നിങ്ങളായിരിക്കും അക്രമികളായ വിപ്ലവകാരികൾ?!(84)

ഇത്രയും വിവരിച്ചതിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത് ഇത്രയുമാണ്:

മുസ്‌ലിം സമുദായത്തെ സമ്പൂർണ ശരീഅത്തിലേക്ക് തിരികെയെത്തിക്കാനും, ഇസ്‌ലാമിക രാഷ്ട്രം രൂപവൽക്കരിക്കാനും, ഈജിപ്തിന്റെ ദേശീയ സ്വാതന്ത്ര്യസാക്ഷാൽക്കാരത്തിന്റെ മുമ്പിൽ വിഘ്നാതം സൃഷ്ടിക്കുന്ന വെല്ലുവളികൾ നേരിടാനും ഇഖ്‌വാന്റെ മുമ്പാകെയുള്ള പോംവഴി ശക്തിയാകുന്നു. സ്വൂഫിമാത്ര ശിക്ഷണത്തിൽ വളരുന്ന ഇഖ്‌വാൻ സംഘങ്ങൾ, 'ശാസന, അനുസരണം' അഥവാ നായകന്റെ കൽപന അനുസരണയോടെ ശങ്കാലേശമോ പുനഃപരിശോധനയോ, മനഃപ്രയാസമോ ഇല്ലാതെ ശിരസാവഹിക്കുന്ന സൈനികന്റെ വിധേയത്വ ഭാവത്തോടെ ആത്മീയമായാണ് വളർത്തപ്പെടുക. അതേസമയം, പ്രായോഗിക തലത്തിൽ അത് സൈനികമായാണ് പ്രവർത്തിക്കുക. ഈമാനും ഐക്യവും നേടിയെടുത്തു എന്ന് ഉറപ്പായ ശേഷം മാത്രം ആവശ്യമായ ഘട്ടത്തിൽ കരുത്തും ആയുധവും ഉപയോഗപ്പെടുത്തും. ചാരത്തിനിടിയിലെ തീപ്പൊരി സന്ദർഭോചിതം ജ്വാലയായി പടരും. പ്രബോധനമാർഗത്തിൽ തടസ്സങ്ങൾ വലിച്ചിടുന്ന ശക്തികളാണ് വിപ്ലവത്തിന്റെ നിയമാനുസൃതത്വത്തിന് സാധൂകരണം നൽകുക. മറ്റൊരു വിധം പറഞ്ഞാൽ, വിപ്ലവത്തിന്റെ ഉത്തരവാദിത്വം വഴിമുടക്കികളായ അക്രമികൾക്കായിരിക്കും. ഇസ്‌ലാമിക പ്രബോധന – പ്രവർത്തന രംഗത്ത് എല്ലാ സാധ്യതകൾക്കും വാതിലുകൾ തുറന്നിടുകയും, ബുദ്ധിപൂർവ്വകമായ നയകുശലത പ്രദർശിപ്പിക്കുകയും അതോടൊപ്പം

**പാൻ ഇസ്‌ലാമിസം മൗലികമായി മുന്നോട്ടുവെച്ചത് കറകളഞ്ഞ ഇജ്തിഹാദ് എന്ന ആശയമായിരുന്നു. പിന്നീട് വന്ന ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഇജ്തിഹാദിലേക്ക് 'സംഘടിതഘടന' എന്ന മാധ്യമത്തിലൂടെ പ്രവർത്തനം' എന്ന ആശയം കൊണ്ടുവന്നു. ഇജ്തിഹാദ്, പ്രവർത്തനം, ധീരത, ഐക്യം എന്നിവയാണ് ഒരു പ്രസ്ഥാനത്തിന്റെ വിജയ സാധ്യത ഉറപ്പുവരുത്തുക. ഇവ തികവാർന്നില്ലെങ്കിൽ ഒറ്റക്കാലിൽ യുദ്ധക്കളത്തിലേക്ക് പോകുന്ന അവസ്ഥയാണുണ്ടാവുക.**

ദൈവസഹായം പ്രതീക്ഷിക്കുകയും ചെയ്തിരുന്ന ബന്നായുടെ വ്യക്തമായ വാക്കുകളാണ് നാം ഇത്രയും കണ്ടത്. നാൽപതുകളുടെ ഒടുവിൽ ഈ പദ്ധതിക്കും ആസൂത്രണത്തിനും എന്ത് സംഭവിച്ചു എന്നത് നമുക്കറിയാമല്ലോ.

ഇഖ്‌വാന്റെ പ്രത്യേക രഹസ്യ സായുധ ഘടകങ്ങൾ (ഈജിപ്തിലെ എല്ലാ സംഘടനകൾക്കും പ്രത്യേക രഹസ്യ സായുധ ഘടകങ്ങൾ ഉണ്ടായിരുന്നു - വിവ:) തയ്യാറെടുപ്പുകൾ പൂർത്തിയാക്കുന്നതിനു മുമ്പെ പ്രയോഗവൽക്കരണ ഘട്ടത്തിലേക്ക് പ്രവേശിക്കുകയായിരുന്നോ? അതോ 'നിങ്ങളിലെ മുന്നൂറ് സംഘങ്ങൾ ആദർശ വിശ്വാസപരമായും ആത്മീയമായും വൈജ്ഞാനികമായും സാംസ്കാരികമായും കായികമായും തയ്യാറായിക്കഴിഞ്ഞാൽ സമുദ്രങ്ങൾ കടന്നുപോകാൻ നിങ്ങൾ എന്നോട് ആവശ്യപ്പെടുക. ഞാൻ നിങ്ങളെയും കൊണ്ട് ആകാശത്തിന്റെ നെറുകയിലേക്ക് കയറാം. നിങ്ങളെയും കൊണ്ട് ധിക്കാരികളായ എല്ലാ സ്വേഛാധിപതികൾക്കെതിരെയും യുദ്ധം ചെയ്യാം. അതെ, അല്ലാഹുവിന്റെ ഇഛയുണ്ടെങ്കിൽ ഞാൻ തീർച്ചയായും അങ്ങനെ ചെയ്തിരിക്കും'(85) എന്ന് പ്രഖ്യാപിച്ച ബന്നായുടെ പ്രഖ്യാപിത സമയം വകവെക്കാതെ അനുയായികൾ അക്ഷമരായി പ്രകോപിതരാവുകയാണോ ഉണ്ടായത്? അതോ, അവർ അതിന് നിർബന്ധിതരാവുകയായിരുന്നോ? അല്ലെങ്കിൽ രണ്ടും കാരണമാവുകയായിരുന്നോ? നമുക്ക് ഈ വിഷയത്തിൽ കൃത്യമായ ധാരണയിലെത്താൻ പ്രയാസമുണ്ട്. നമുക്ക് ഇത്രയും പറയാം: പതിനാലാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ച ഏറ്റവും വലിയ ഇസ്‌ലാമിക നവീകരണ പ്രസ്ഥാനം, ഹസനുൽ ബന്ന പ്രഖ്യാപിച്ച പോലെ, കടുത്ത പരീക്ഷണങ്ങളുടെ ഘട്ടത്തിലേക്ക് പ്രവേശിച്ചു. അദ്ദേഹം നേരത്തെ പറയുകയുണ്ടായി: 'നിങ്ങൾ പരീക്ഷണങ്ങളുടെ ഘട്ടത്തിലേക്ക് പ്രവേശിക്കും. നിങ്ങൾ ജയിലിലിടക്കപ്പെടും, നാടുകടത്തപ്പെടും, നിങ്ങളുടെ സ്വത്തുക്കൾ കണ്ടുകെട്ടപ്പെടും, നിങ്ങൾ ജോലികളിൽ നിന്ന് പിരിച്ചുവിടപ്പെടും, നിങ്ങളുടെ വീടുകൾ പരിശോധിക്കപ്പെടും, ഈ പരീക്ഷണങ്ങൾ നീണ്ടുനീണ്ടുപോകും. 'ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ടുമാത്രം പരീക്ഷണത്തിന് വിധേയമാകാതെ വിട്ടയക്കപ്പെടുമെന്ന് ജനം വിചാരിക്കുകയാണോ?(56)

പരീക്ഷണങ്ങൾ ഇവിടെയും നിന്നില്ല... ഹി:1369 റബീഉൽ ആഖിർ 13/ക്രി:1949 ഫെബ്രുവരി 12 ന് ഇഖ്‌വാൻ കാര്യദർശി ഹസനുൽ ബന്നാ ചതിയിൽ വധിക്കപ്പെട്ടു. ഇത് അദ്ദേഹത്തിന്റെ ശിക്ഷണ നേതൃത്വത്തിൽ പ്രസ്ഥാനത്തിനുണ്ടായിരുന്ന വളർച്ചയ്ക്കു വിഘാതമായി. 1952 ജൂലായ് 23 ലും 1954 മുണ്ടായ വിപ്ലവത്തോടെ പ്രസ്ഥാനം ശിഥിലമായി. മുർശിദ് (കാര്യദർശി) നഷ്ടപ്പെട്ടതോടെ റുഷ്ദ് (വിവേകം) നഷ്ടപ്പെട്ട അവസ്ഥയായി. ഇതോടെ, ഇസ്‌ലാമിക നവജാഗരണം പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. ഇസ്‌ലാമിക തൽപരരും സംശുദ്ധരുമായ യുവാക്കളുടെ സംഘങ്ങൾ വിപ്ലവാവേ




ശത്തോടെ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നു. ഇതിന്റെ ഭാഗമായി ആഭ്യന്തര സംഘർഷങ്ങളുണ്ടായി.

പാൻ ഇസ്‌ലാമിസം മൗലികമായി മുന്നോട്ടുവെച്ചത് കറകളഞ്ഞ ഇജ്തിഹാദ് എന്ന ആശയമായിരുന്നു. പിന്നീട് വന്ന ഇഖ്‌വാനുൽ മുസ്‌ലിമൂൻ ഇജ്തിഹാദിലേക്ക് 'സംഘടിതഘടന' എന്ന മാധ്യമത്തിലൂടെ പ്രവർത്തനം' എന്ന ആശയം കൊണ്ടുവന്നു. ഇജ്തിഹാദ്, പ്രവർത്തനം, ധീരത, ഐക്യം എന്നിവയാണ് ഒരു പ്രസ്ഥാനത്തിന്റെ വിജയ സാധ്യത ഉറപ്പുവരുത്തുക. ഇവ തികവാർന്നില്ലെങ്കിൽ ഒറ്റക്കാലിൽ യുദ്ധക്കളത്തിലേക്ക് പോകുന്ന അവസ്ഥയാണുണ്ടാവുക.

ഏതായാലും, നൂറ്റാണ്ടുകളായി ഈ സമുദായത്തിന്റെ ദീനായിരുന്ന ഇസ്‌ലാം അല്ലാഹുവിന്റെ ഉത്തരവാലും ഇഛയാലും ഇനിയും നിലനിൽക്കും. സമുദായം ദീനിനെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുവോളം, വ്യക്തികളെയും ഐഹിക ജീവിത വിഷയങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന ദീനിന്നുവേണ്ടി ജിഹാദ് ചെയ്തേ പറ്റൂ. നമ്മുടെ ദൻയാവിനെ നന്നാക്കിയെടുക്കാൻ ഇസ്‌ലാം മാത്രമാണു മാർഗം. ഇമാം മുഹമ്മദ് അബ്ദു പറഞ്ഞതുപോലെ, മുസ്‌ലിംകളിൽ പരിഷ്കരണം നടത്താൻ ആഗ്രഹിക്കുന്നവർക്ക് ഇതല്ലാതെ മറ്റൊരു മാർഗമില്ല.

വിവ: **അബ്ദുല്ലത്വീഫ് കൊടുവള്ളി**

**കുറിപ്പുകൾ**

80) (രിസാലത്തുൽ മുഅ്തമരിൽ ഖാമിസ്) മജ്മൂഅത്തുർറസാഇൽ പേ:161.
81) (രിസാലത്തുത്തആലിം) മജ്മൂഅത്തുർറസാഇൽ, പേ:274
82) (രിസാലത്തുർ മുഅ്തമരിൽ ഖാമിസ്) മജ്മൂഅത്തുർറസാഇൽ പേ:168-170.
83) മുശ്കിലാത്തു നാഫീദൗഇന്നിളാമിൽ ഇസ്‌ലാമി (മജ്മൂഅത്തുർറസാഇൽ, പേ:196).
84) (ബൈനൽ അംസി വൽയൗം) മജ്മൂഅത്തുർറസാഇൽ പേ:144.
85) (രിസാലത്തുൽ മുഅ്തമരിൽ ഖാമിസ്( മജ്മൂഅത്തുർറസാഇൽ പേ:162.

■